**കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്.**

**(സാന്നിധ്യം.സി. മനോജ് കുമാർ )**

വിഷയം:- പൊതുവിദ്യാഭ്യാസം -ജീവനം-അധ്യാപകരുടെ 2024-2025 വർഷത്തെ അന്തർ ജില്ലാ സ്ഥലം മാറ്റം -എച്ച്സംഎസ്. ടി(ഗണിതം)അന്തിമ സ്ഥലംമാറ്റം ഉത്തരവ്-പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

പരാമർശം:- 1)26/11/2024,27/12/2024 എന്നീ തിയ്യതിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എ1/24296/2024/ഡി. ജി. ഇ നമ്പർ സർക്കുലർ .

2)അധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷ.

3)ട്രാൻഫർ & പോസ്റ്റിങ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച അന്തർ ജില്ലാ സ്ഥലംമാറ്റത്തിനായുള്ള അന്തിമ സീനിയോറിറ്റി പട്ടിക.

4)04/02/2025,07/02/2025 എന്നീ തിയ്യതിയിലെ ഇതേ നമ്പർ താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ്.

5 )ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എവിസി -III)വകുപ്പിലെ18/10/2024തിയ്യതിയിലെഎവിസി-III -2/46/2024/ ഉ ഭപവ നമ്പർ കത്ത് .

6)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 28/03/2025 തിയ്യതിയിലെ DGE/15524/2024-A1 നമ്പർ കത്ത്.

7)പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/04/2025 തിയ്യതിയിലെ DGE/15524/2024-A1 നമ്പർ കത്ത് .

**ഉത്തരവ് നമ്പർ :ഡി.ഡി.ഇ/കെ.കെ.ഡി/11555/2024-എ1. തീയതി : 09-04-2025**

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ സ്കൂൾ അധ്യാപകരുടെ 2024-2025 അധ്യയന വർഷത്തെ അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി പരാമർശം 1 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.പരാമർശം 2 പ്രകാരം ലഭ്യമായ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരമുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ പരാമർശം 5 പ്രകാരമുള്ള ഈ ഓഫീസിലെ പരിശോധനയുടെ ഭാഗമായി അന്തർ ജില്ലാ സ്ഥലം മാറ്റം താൽക്കാലികമായി നിർത്തിവെക്കുന്നതിന് പരാമർശം 6 പ്രകാരം നിർദ്ദേശം ലഭിക്കുകയും,തുടർന്ന് പരാമർശം 7 പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം ലഭിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഒഴിവുകൾ മാറ്റിവെച്ചിട്ടുള്ള എച്ച്. എസ്. എ (ഗണിതം) തസ്തികയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | അധ്യാപകരുടെ പേര് | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | സ്ഥലം മാറ്റം അനുവദിക്കുന്ന സ്കൂൾ | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീലത. സി. വി | ജി. എച്ച്. എസ്. എസ്. കുഞ്ഞോം , വയനാട് | ജി. എച്ച്. എസ്. എസ്. കാവിലും പാറ | |
| 2 | ചരഷ്മ . കെ. എസ് | ജി. എച്ച്. എസ്. എസ് വൈത്തിരി, വയനാട് . | എസ്. ജി. എം. ജി. എച്ച്. എസ്. എസ്. കൊളത്തൂർ | |
| | | | | |

| | | | | |
|---|---|---|---|---|
| 3 | ബിപിന. കെ | എസ്. ആർ. എം. ജി. എച്ച്.. എസ്. എസ്. രാംനഗർ , കാസർകോട് | ജി. എച്ച്. എസ്. എസ് കരുവൻപൊയിൽ | |

അന്തർ ജില്ലാ സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ ഉത്തരവ് ലഭിച്ച് 30/04/2025 നകം സ്ഥലം മാറ്റം അനുവദിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.അല്ലാത്ത പക്ഷം സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സീനിയോറിറ്റി ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. അന്തർ ജില്ലാ സ്ഥലംമാറ്റം ഉത്തരവായിട്ടുള്ള അധ്യാപകർ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും . ആയതിനെ സംബന്ധിച്ച സമ്മത പത്രം തയ്യാറാക്കി ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂളിലെ പ്രധാനാധ്യാപകൻ മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിക്കേണ്ടതും ആവശ്യമായരേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

പരാമർശം 2 പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയത്തിന്റെ അടിസ്ഥാനത്തിൽ ആണ് അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ചത് എന്ന് ബോധ്യപ്പെടുന്ന പക്ഷം നിലവിൽ ഉത്തരവായിട്ടുള്ള സ്ഥലംമാറ്റം പുന:പരിശോധിക്കു ന്നതായിരിക്കും.

അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകർ 23/08/2012 തിയ്യതിയിലെ സ. ഉ(പി) നമ്പർ 42/2012/ഉ.ഭ.പ. വ പ്രകാരം സ്ഥലംമാറ്റം ലഭിച്ച ജില്ലയിൽ പുതുതായി നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്.

Signed by
Manoj Kumar C
Date: 09-04-2025 15:06:52
വിദ്യാഭ്യാസ ഉപഡയറക്ടർ
കോഴിക്കോട്.

സ്വീകർത്താവ് :പ്രധാനാധ്യാപകർ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ

ബന്ധപ്പെട്ട അധ്യാപകർ(പ്രധാനാധ്യാപകർ മുഖേന)